# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

06.10.2016 -ൽ മറുപടിക്ക്

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നം. 2331

## മത്സ്യബന്ധന തോണികൾ മറിഞ്ഞുള്ള അപകടങ്ങൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. കെ.കുഞ്ഞിരാമൻ | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) | കാസർഗോഡ് ജില്ലയിലെ കീഴൂരിൽ മത്സ്യബന്ധന തോണികൾ മറിഞ്ഞ് അടുത്ത കാലത്തായി എത്ര അപകടങ്ങൾ സംഭവിച്ചിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ; | (എ) | കാസർഗോഡ് ജില്ലയിലെ കീഴൂരിൽ മത്സ്യബന്ധന തോണികൾ മറിഞ്ഞ് അടുത്ത കാലത്തായി 5 അപകടങ്ങൾ സംഭവിച്ചിട്ടുണ്ട്.<br>(1) 02.08.2016 ന് ഫിഷിംഗ് ഗ്രൂപ്പ് "കോഴി കമ്പനി" എന്ന് പേരുള്ള ശ്രീ.ദാസൻ, അടുക്കത്ത് ബയൽ ബീച്ച് എന്നയാളുടെ ഉടമസ്ഥതയിലുള്ള ഫൈബർ വള്ളം ശക്തമായ തിരയിൽപ്പെട്ട് മറിയുകയുണ്ടായി.<br>(2) 09.08.2016 ന് ശ്രീ.സുരേഷ്, S/o. കൃഷ്ണൻ എന്നയാളുടെ പേരിലുള്ള ഫൈബർ വള്ളം കീഴൂർ കടപ്പുറത്ത് മത്സ്യബന്ധനത്തിനിടെ അപകടത്തിൽപ്പെടുകയുണ്ടായി.<br>(3) 25.08.2016 ന് കീഴൂർ കടപ്പുറത്തുനിന്നും മത്സ്യബന്ധനത്തിന് പോയ ശ്രീ. ശശി, S/o. കൃഷ്ണൻ, കീഴൂർ കടപ്പുറം എന്നയാളുടെ ഉടമസ്ഥതയിലുള്ള "ശ്രീ.കുറുംബ" എന്ന ഫൈബർ വള്ളം മണൽത്തിട്ടയിലിടിച്ച് മറിയുകയുണ്ടായി.<br>(4) 25.08.2016 ന് ശ്രീ. യൂസഫ്.സി., S/o. മുഹമ്മദ് കുഞ്ഞി, ചാപ്പ ഹൗസ്, പി.ഒ. ചന്ദ്രഗിരി എന്നയാളുടെ ഉടമസ്ഥതയിലുള്ള തോണി കീഴൂർ കടപ്പുറത്ത് മറിയുകയുണ്ടായി.<br>(5) 26.08.2016 ന് ആരിഫ്.പി.എം., S/o. ബാവ, കീഴൂർ കടപ്പുറം എന്നയാളുടെ ഉടമസ്ഥതയിലുള്ള "മാഷാ അള്ളാ" എന്ന മത്സ്യബന്ധന യാനം അപകടത്തിൽപ്പെട്ട് 5 മത്സ്യത്തൊഴിലാളികൾക്ക് പരിക്ക് പറ്റിയിട്ടുണ്ട്. |
| (ബി) | അപകടങ്ങളെ തുടർന്ന് എത്ര ലക്ഷം രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ; | (ബി) | മേൽ വിവരിച്ച അപകടങ്ങളെ തുടർന്ന് ഏകദേശം 15 ലക്ഷം രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്.<br>(1) ശ്രീ.ദാസൻ എന്നയാളുടെ ഫൈബർ |

| | | | |
|---|---|---|---|
| | | | വള്ളത്തിന്റെ keel, starboard, side, stem മുതലായ ഭാഗങ്ങൾ പൊട്ടിപ്പൊളിഞ്ഞ് 3 ലക്ഷം രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്.<br>(2) ശ്രീ.സുരേഷ് എന്നയാളുടെ ഫൈബർ വള്ളം മറിഞ്ഞ് 9.9 എച്ച്.പി. യമഹ എഞ്ചിൻ, ഓസാൻ വല എന്നിവ നഷ്ടപ്പെട്ട് 2.50 ലക്ഷം രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്.<br>(3) ശ്രീ.ശശി എന്നയാളുടെ ഫൈബർ വള്ളം മറിഞ്ഞ് രണ്ട് 9.9 എച്ച്.പി. സുസുക്കി എഞ്ചിൻ, തണ്ട് രണ്ടെണ്ണം, ഊയി രണ്ട്, മീൻ കട്ട 24 എണ്ണം, ബയറിംഗ് കപ്പി രണ്ട്, റോപ്പ് വല എന്നിവ നഷ്ടപ്പെട്ട് 3 ലക്ഷം രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്.<br>(4) ശ്രീ. യൂസഫ് എന്നയാളുടെ തോണി മറിഞ്ഞ് 2 എഞ്ചിൻ, വല എന്നിവയ്ക്ക് കേടുപാടുകൾ സംഭവിച്ച് 3.50 ലക്ഷം രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്.<br>(5) ശ്രീ. ആരിഫ്.പി.എം. എന്നയാളുടെ മത്സ്യബന്ധനയാനം അപകടത്തിൽപ്പെട്ട് രണ്ട് 9.9 എഞ്ചിനുകൾ, ഒരു വല എന്നിവയ്ക്കായി 3 ലക്ഷം രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. |
| (സി) | നഷ്ടം സംഭവിച്ചവർക്ക് സാമ്പത്തിക സഹായം നൽകുന്ന വിഷയം പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ; | (സി) | കടൽ ക്ഷോഭം മൂലമോ മറ്റ് അപകടങ്ങൾ മുഖേനയോ നാശ നഷ്ടം സംഭവിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് ധനസഹായം നൽകുന്നതിനുള്ള പദ്ധതികളൊന്നും ഫിഷറീസ് വകുപ്പിൽ നിലവിലില്ല. ടി അപകടങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നത് ബന്ധപ്പെട്ട ജില്ലാ കളക്ടർ മുഖേനയാണ്. മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന്റെ പരിധിയിൽ പ്രകൃതിക്ഷോഭം മൂലം മത്സ്യബന്ധനോപാധികളും യാനങ്ങളും നഷ്ടപ്പെടുന്നവർക്കുള്ള ആശ്വാസം നൽകുന്നതും ഉൾപ്പെടുത്തുന്ന കാര്യം പരിഗണിച്ചുവരുന്നു. |
| (ഡി) | കാസർഗോഡ് ഹാർബറിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് അശാസ്ത്രീയമായ രീതിയിൽ പുലിമുട്ട് സ്ഥാപിച്ചതാണ് തുടരെയുള്ള അപകടത്തിന് കാരണമെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിശോധിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കുമോ? | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ഹാർബറിൽ മണ്ണ് വന്നടിയുന്നതുമൂലം ഉണ്ടാകുന്ന ചില പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കാസർഗോഡ് ഹാർബറിന്റെ നിർമ്മാണം നടത്തിയിരിക്കുന്നത് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന നടത്തുന്ന അന്വേഷണ ഗവേഷണ പഠനങ്ങൾക്ക് പുറമേ പൂനെ CWPRS നടത്തിയ ശാസ്ത്രീയമായ മാതൃകാപഠനത്തിന്റെ അടിസ്ഥാനത്തിലാണ്. പുലിമുട്ടുകൾക്ക് ഉള്ളിലേയ്ക്ക് കടക്കുമ്പോഴുണ്ടാകാവുന്ന അപകടസാധ്യത മത്സ്യത്തൊഴിലാളികൾ |

| | | |
|---|---|---|
| | | അറിയിച്ചതിനെ തുടർന്ന് പൂനെ CWPRS ഉദ്യോഗസ്ഥർ സൈറ്റ് സന്ദർശിക്കുകയും ഹാർബറിലേയ്ക്കുള്ള രണ്ട് ഓപ്പണിങ്ങുകളിൽ ഒരെണ്ണം അടച്ചതിനുശേഷം പുലിമുട്ടുകൾക്കിടയിലുള്ള ആഴം ഡ്രഡ്ജിംഗ് ചെയ്ത് കൂട്ടുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തു. ഇതനുസരിച്ച് ഡ്രഡ്ജിംഗ് ചെയ്യുന്നതിനുള്ള ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ